## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### സ്മാർട്ട് സിറ്റി, അമൃത് പദ്ധതികളുടെ പുരോഗതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *138. 05.07.19- ൽ മറുപടി പറയേണ്ടത്

| ചോദ്യം<br>ശ്രീ.കെ. ദാസൻ<br>,, വി. അബ്ദുറഹിമാൻ<br>,, എൻ. വിജയൻ പിള്ള<br>,, പി. ഉണ്ണി | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ സ്ഥലപര-സാമ്പത്തിക ആസൂത്രണ രേഖയായ മാസ്റ്റർപ്ലാൻ രൂപീകരണ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാൻ പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നഗരഗ്രാമാസൂത്രണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്ലാൻ സ്കീമായ മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെ തയ്യാറാക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. 93 നഗരസഭാ പ്രദേശങ്ങൾക്കും 18 ഗ്രാമ പഞ്ചായത്തുകൾക്കുമായി 87 മാസ്റ്റർ പ്ലാനുകളിൽ 9 എണ്ണത്തിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. 24 കരട് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെയും സംസ്ഥാനത്തെ ഒമ്പത് മുനിസിപ്പാലിറ്റി-മുനിസിപ്പൽ കോർപ്പറേഷനുകളുടെ വികസനത്തിനായുള്ള അമൃത് പദ്ധതിയുടെയും പുരോഗതി അറിയിക്കാമോ; | (ബി) | തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം II ആയും അമൃത് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം III ആയും ചേർത്തിട്ടുണ്ട്. |
| (സി) | തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) | തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ഓഫീസുകളിൽ നടത്തുന്ന സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിലേക്ക് |

| | | | |
|---|---|---|---|
| | കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ ആക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | | ഓൺലൈൻ ആയി ഫോർ ദി പീപ്പിൾ എന്ന പേരിൽ പരാതി പരിഹാര സംവിധാനം പ്രവർത്തിച്ചു വരുന്നു. ഇതിനായി പൊതുജനങ്ങൾക്ക് ഓൺലൈനായും മൊബൈൽ ആപ്ലിക്കേഷൻ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്.<br><br>പരാതിപരിഹാര സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. മുൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പ്രസ്തുത പരാതിപ്പെട്ടികൾ തുറന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അഴിമതി രഹിത സിവിൽ സർവ്വീസിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി എല്ലാ ജില്ലകളിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.<br><br>സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ കീഴിൽ പെർഫോമൻസ് ഓഡിറ്റ് വിംഗ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പെർഫോമൻസ് ഓഡിറ്റ് നടത്തി വരുന്നു. ബ്ലോക്ക പഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിലും ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ നേതൃത്വത്തിലും നഗരസഭകളിൽ Regional Joint Director (Urban Affairs) -ന്റെ നേതൃത്വത്തിലും ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും Regional Performance Audit Officer-റുടെ നേതൃത്വത്തിലും പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലും ലോക്കൽ ഫണ്ട് ഓഡിറ്റ് വിംഗും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു.<br><br>Ease of Doing Business-ന്റെ ഭാഗമായി കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും നിർമ്മാണാനുമതി/ ഉപയോഗാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടി IBPMS (Intelligent Building Plan |

| | | | |
|---|---|---|---|
| | | | Management System) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.<br><br>നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള IBPMS സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകളിൽ (കോഴിക്കോട് നഗരസഭ ഒഴികെ) ജീവനക്കാർക്കും ലൈസൻസ്ഡ് എഞ്ചിനീയർ/ സൂപ്പർവൈസർമാർക്കുമുള്ള ട്രെയിനിംഗ് പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ അമൃത് നഗരങ്ങളിൽ IBPMS സോഫ്റ്റ് വെയർ മുഖേന കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ തീർപ്പ കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## പട്ടിക - 1

**'മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പദ്ധതിയിൽ തയ്യാറാക്കുന്ന മാസ്റ്റർപ്ലാനുകളുടെ വിശദാംശങ്ങൾ**

### ഘട്ടം - 1

| ക്രമ നമ്പർ | നിലവിലെ സ്ഥിതി | മാസ്റ്റർപ്ലാൻ ഏത് പട്ടണങ്ങൾക്ക് / ഗ്രാമപഞ്ചായത്തുകൾക്ക് എന്നത് | |
|---|---|---|---|
| 1 | മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ചത് | 1 | പരവൂർ |
| | | 2 | ചങ്ങനാശ്ശേരി |
| | | 3 | വൈക്കം |
| | | 4 | തലശ്ശേരി |
| | | 5 | മലപ്പുറം |
| | | 6 | കോഴിക്കോട് (+ഫറൂഖ്, രാമനാട്ടുകര, ഒളവണ്ണ, കടലുണ്ടി) |
| 2 | കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിച്ചത് | 7 | തൃശൂർ |
| | | 8 | പാല |
| | | 9 | കൊല്ലം (+ കൊറ്റംകുളങ്ങര, നീണ്ടകര) |
| | | 10 | വടക്കൻ പറവൂർ |
| | | 11 | കാസർഗോഡ് |
| | | 12 | തിരുവനന്തപുരം |
| | | 13 | ഗുരുവായൂർ |
| | | 14 | കണ്ണൂർ |
| | | 15 | ആലപ്പുഴ |
| | | 16 | പെരുമ്പാവൂർ |
| | | 17 | പാലക്കാട് |
| | | 18 | കായംകുളം |
| | | 19 | ആലുവ |
| | | 20 | കോട്ടയം (+വിജയപുരം, പനച്ചിക്കാട്) |
| | | 21 | വടകര |

| | | | |
|---|---|---|---|
| | | 22 | പത്തനംതിട്ട * |
| | | 23 | അടൂർ * |
| | | 24 | മൂവാറ്റുപുഴ * |
| | | 25 | കൽപ്പറ്റ * |
| | | 26 | തിരുവല്ല * |
| 3 | സാങ്കേതിക ജോലികൾ പൂർത്തിയായവ | 27 | കോതമംഗലം |
| | | 28 | കൊച്ചി (+ മരട്, തൃപ്പൂണിത്തുറ, തൃക്കാക്കര, ഏലൂർ, കളമശ്ശേരി, കടമക്കുടി, ഞാറയ്ക്കൽ, മുളവുകാട്, എളംകുന്നപ്പുഴ, വാരാപ്പുഴ, ചേരാനെല്ലൂർ, ചെല്ലാനം, കുമ്പളം, കുമ്പളങ്ങി, വടവുകോട്-പുത്തൻകുരിശ്) |
| | | 29 | അങ്കമാലി |
| | | 30 | തൊടുപുഴ |
| | | 31 | നെയ്യാറ്റിൻകര |
| 4 | തയ്യാറാക്കി വരുന്നവ | 32 | മരിയാപുരം, വാഴത്തോപ്പ് |

* പുന:പ്രസിദ്ധീകരണം ആവശ്യമാണ്.

## ഘട്ടം - 2

| ക്രമ നമ്പർ | നിലവിലെ സ്ഥിതി | മാസ്റ്റർപ്ലാൻ ഏത് പട്ടണങ്ങൾക്ക് / ഗ്രാമപഞ്ചായത്തുകൾക്ക് എന്നത് | |
|---|---|---|---|
| 1 | മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ചത് | 1 | പെരിന്തൽമണ്ണ |
| | | 2 | മട്ടന്നൂർ |
| | | 3 | കരുനാഗപ്പള്ളി |
| 2 | കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിച്ചത് | 4 | പുനലൂർ |
| | | 5 | കൊടുങ്ങല്ലൂർ |
| | | 6 | നിലമ്പൂർ |
| | | 7 | പൊന്നാനി |
| 3 | സാങ്കേതിക ജോലികൾ പൂർത്തിയായവ | 8 | കൂത്തുപറമ്പ |
| | | 9 | സുൽത്താൻ ബത്തേരി |
| | | 10 | ചാവക്കാട് |
| | | 11 | ഷൊർണ്ണൂർ |
| | | 12 | കുന്ദംകുളം |
| | | 13 | ചേർത്തല |
| | | 14 | ഒറ്റപ്പാലം |
| | | 15 | കോട്ടയ്ക്കൽ |
| | | 16 | കാഞ്ഞങ്ങാട് |
| | | 17 | ചാലക്കുടി |
| | | 18 | പയ്യന്നൂർ |
| | | 19 | തിരൂർ |
| | | 20 | ചിറ്റൂർ-തത്തമംഗലം |
| 4 | തയ്യാറാക്കി വരുന്നവ | 21 | ഇരിഞ്ഞാലക്കുട |
| | | 22 | നെടുമങ്ങാട് |
| | | 23 | കൊയിലാണ്ടി |
| | | 24 | നീലേശ്വരം |
| | | 25 | തളിപറമ്പ |
| | | 26 | പന്തളം |
| | | 27 | മാവേലിക്കര |
| | | 28 | മഞ്ചേരി |
| | | 29 | ആറ്റിങ്ങൽ |
| | | 30 | ചെങ്ങന്നൂർ |
| | | 31 | വർക്കല |

# ഘട്ടം - 3

| ക്രമ നമ്പർ | നിലവിലെ സ്ഥിതി | മാസ്റ്റർപ്ലാൻ ഏത് പട്ടണങ്ങൾക്ക് / ഗ്രാമപഞ്ചായത്തുകൾക്ക് എന്നത് | |
|---|---|---|---|
| 1 | കരട് റിപ്പോർട്ട് തയ്യാറായത് | 1 | കൊട്ടാരക്കര |
| | | 2 | പിറവം |
| | | 3 | ഈരാറ്റുപേട്ട |
| | | 4 | താനൂർ |
| | | 5 | മുക്കം |
| | | 6 | പയ്യോളി |
| | | 7 | കൊടുവള്ളി |
| | | 8 | ആന്തൂർ |
| | | 9 | വടക്കാഞ്ചേരി |
| | | 10 | പരപ്പനങ്ങാടി |
| | | 11 | കൂത്താട്ടുകുളം |
| | | 12 | പട്ടാമ്പി |
| | | 13 | മാനന്തവാടി |
| 2 | തയ്യാറാക്കി വരുന്നവ | 14 | കട്ടപ്പന |
| | | 15 | ഹരിപ്പാട് |
| | | 16 | കൊണ്ടോട്ടി |
| | | 17 | വളാഞ്ചേരി |
| | | 18 | ഇരിട്ടി |
| | | 19 | പാനൂർ |
| | | 20 | മണ്ണാർക്കാട് |
| | | 21 | ചെറുപ്പുളശ്ശേരി |
| | | 22 | ഏറ്റുമാനൂർ |
| | | 23 | തിരൂരങ്ങാടി |
| | | 24 | ശ്രീകണ്ഠപുരം |

സെക്ഷൻ ഓഫീസർ

**അനുബന്ധം -II**

## തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം

### പദ്ധതികളുടെ പുരോഗമനം ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | വിശദ വിവരങ്ങൾ | ആകെ പ്രോജക്ടുകൾ | തുക |
|---|---|---|---|
| 1. | ടെൻഡർ ചെയ്ത പ്രോജക്ടുകൾ (കൺവർജൻലസ് പ്രോജക്ടുകൾ) | 4 | 186.19 കോടി |
| 2. | ടെൻഡർ ചെയ്തത് | 7 | 10.42 കോടി |
| 3. | ടെൻഡർ ചെയ്യാനുള്ളത് | 1 | 4.10 കോടി |
| 4. | സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നവ | 1 | 1 കോടി |
| 5. | ഫീസിബിലിറ്റി റിപ്പോർട്ട് ഘട്ടത്തിൽ | 13 | 262.02 കോടി |
| 6. | പ്രാരംഭ ഘട്ടത്തിലുള്ളവ | 17 | 1074.46 കോടി |
| **ആകെ** | | **43** | **1538.19 കോടി** |

### സാമ്പത്തിക പുരോഗതി

| ക്രമ നമ്പർ | വിശദവിവരം | ഫണ്ട് ലഭിച്ചത് | ഫണ്ട് വിനിയോഗിച്ചത് | വിനിയോഗം ശതമാന കണക്കിൽ |
|---|---|---|---|---|
| 1. | പ്രോജക്ട് ഫണ്ട് | 96 | 0 | 0 |
| 2. | ഭരണ വിനിയോഗ തുക | 4 | 1.88 | 47 |
| **ആകെ** | | **100** | **1.88** | **1.88** |

അനുബന്ധം -II

<u>സ്മാർട്ട് സിറ്റി, കൊച്ചി</u>

a. **പദ്ധതികളുടെ പുരോഗതി**

1 മൊത്തം പദ്ധതികൾ

62 പദ്ധതികൾ (18- മേഖലകളിൽ)

അംഗീകരിച്ച അടങ്കൽ തുക – 2076 കോടി രൂപ

2 **കരാർ അനുവദിച്ച പദ്ധതികൾ**

പ്രോജക്ടുകളുടെ എണ്ണം - 3

a. ഹോസ്പിറ്റൽ റോഡ് പുനരുദ്ധാരണം

b. ഗവൺമെന്റ് കെട്ടിടങ്ങൾക്കായുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദന പദ്ധതി

c. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ റെന്റൽ സൈക്കിൾ പദ്ധതി

ആകെ തുക – 20.40 കോടി രൂപ

3 **ഈ സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തയ്യാറായിരിക്കുന്ന പദ്ധതികൾ**

പദ്ധതികളുടെ എണ്ണം - 12

ആകെ തുക – 690.84 കോടി രൂപ

4 **ബാക്കി പദ്ധതികൾ**

അനുമതി ലഭിച്ച സ്മാർട്ട് സിറ്റി പ്രൊപ്പോസലിലെ 700 കോടി രൂപയുടെ പദ്ധതികളുടെ വിശദമായ രൂപ രേഖ Cochin Smart Mission Ltd (CSML) തയ്യാറാക്കി കൊണ്ടിരിക്കുന്നു

ബാക്കി പദ്ധതികൾ കേരള വാട്ടർ അതോറിറ്റി (KWA), കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), തുടങ്ങിയ മറ്റു ഏജൻസികളുടെയും നേതൃത്വത്തിൽ നടന്നു വരുന്നു

b. **സാമ്പത്തിക സ്ഥിതി**

| | | |
|---|---|---|
| തുക വിഹിതം | | 401.77 കോടി രൂപ |
| കേന്ദ്ര സർക്കാർ | 196 കോടി രൂപ | |
| കേരള സർക്കാർ | 200 കോടി രൂപ | |
| കൊച്ചി നഗരസഭ | 05.77 കോടി രൂപ | |
| ചെലവ് (ജനുവരി 2019 വരെ) | | 11.66 കോടി രൂപ |
| **ചെലവ് ശതമാനം** | | **2.9%** |

സെക്ഷൻ ഓഫീസർ

അനുബന്ധം - III

## അമൃത് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിവരം

ULB WISE PROGRESS (as on 25. Jan. 2019)

| City | No of main Projects | Project Cost (in Cr.) | Total projects (Incl Sub projs) | (No)AS Accorded | AS accorded (Amt in Cr.) | TS Issued (No) | TS Issued (Amt in Cr.) | (no) Tendered | Tendered, (Amount in Cr.) | Work awarded (No) | Work awarded (Amt in Cr.) | Work Completed (No) | Expenditure (Amt in Cr) | Exp %(Based on AS) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **Guruvayur** | 20 | 203.10 | 34 | 34 | 203.91 | 30 | 192.38 | 28 | 183.88 | 26 | 165.05 | 5 | 35.07 | 17.20 |
| **Trivandrum** | 51 | 357.50 | 272 | 272 | 355.15 | 270 | 324.29 | 262 | 305.72 | 196 | 206.6 | 50 | 45.31 | 12.76% |
| **Kochi** | 56 | 328.78 | 98 | 97 | 268.47 | 96 | 247.61 | 94 | 203..05 | 91 | 169.35 | 11 | 32.221 | 12% |
| **Thrissur** | 39 | 269.93 | 122 | 122 | 266.62 | 118 | 192.64 | 116 | 186.02 | 108 | 178.03 | 27 | 27.75 | 10.41% |
| **Kannur** | 26 | 225.72 | 37 | 37 | 225.65 | 36 | 177.28 | 33 | 164.16 | 31 | 149.85 | 0 | 21.74 | 9.63% |
| **Palakkad** | 115 | 221.74 | 151 | 151 | 218.15 | 148 | 188.80 | 146 | 179.64 | 143 | 169.58 | 9 | 17.27 | 7.92% |
| **Kozhikode** | 25 | 274.76 | 49 | 49 | 274.83 | 48 | 167.46 | 48 | 162.15 | 42 | 131.13 | 2 | 20.93 | 7.62% |
| **Alappuzha** | 23 | 222.68 | 195 | 194 | 212.89 | 194 | 206.00 | 191 | 205.40 | 175 | 183.34 | 18 | 14.36 | 6.74% |
| **Kollam** | 33 | 253.45 | 68 | 65 | 207.19 | 63 | 184.28 | 63 | 184.28 | 52 | 110.75 | 9 | 5.32 | 2.57% |
| **KERALA** | **388** | **2357.66** | **1026** | **1021** | **2232.86** | 1003 | **1880.74** | 981 | 1774.30 | 864 | 1463.68 | 131 | 219.96 | **9.85%** |

സെക്ഷൻ ഓഫീസർ